LIBRARY ARCHIVES Kerala Legislative Assembly

അധിക നികുതി

106 (2344) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ലെ ബഡ്ജറ്റ് അവതരണത്തിന് ശേഷം ചുമത്തിയ അധിക നികുതിയിലൂടെ എത്രകോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2014-15 ബഡ്ജറ്റ് അവതരണത്തിനുശേഷം ചുമത്തിയ അധിക നികുതികളുടെ ഫലമായി ഉണ്ടായിട്ടുള്ള വരുമാനത്തിലെ വർദ്ധനവ് വിലയിരുത്താറായിട്ടില്ല.

റോഡ് നികുതിയും വാഹന നികുതിയും

107 (2345) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റോഡ് നികുതിയും വാഹന നികുതിയും എത്രയെന്നും യഥാർത്ഥത്തിൽ ലഭിച്ചതും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും ലഭിച്ച പ്രസ്തുത നികുതികൾക്ക് മുൻ വർഷങ്ങളിൽ നിന്നും വന്ന വർദ്ധനവിന്റെ ശതമാനം എത്ര വീതമെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ റോഡ് നികുതിയിലോ, വാഹന നികുതിയിലോ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

റോഡ് നികുതി	ടാർജറ്റ് (രൂപ കോടിയിൽ)	കളക്ഷൻ (രൂപ കോടിയിൽ)
2011-2012	1410.73	1500.91
2012-2013	1726.00	1831.15
2013-2014	2570.65	2091.77

(ബി) 2013-2014 വർഷം - മുൻവർഷത്തേക്കാൾ 14.24% നികുതി വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്.

2012-2013 വർഷം - മുൻവർഷത്തേക്കാൾ 22%

2011-2012 വർഷം - മുൻവർഷത്തേക്കാൾ 18.61%

(സി) ഉണ്ട്. ഫിനാൻസ് ആക്ട് 2012 പ്രകാരം നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

1. 5 ലക്ഷം വരെ പർച്ചേസ് വാല്യുവുള്ള സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, മോട്ടാർ കാർ എന്നിവയുടെ നികുതി, അവയുടെ പർച്ചേസ് വാല്യുവിന്റെ 6% ആയി നിജപ്പെടുത്തി.

2. 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ പർച്ചേസ് വാല്യുവുള്ള മേൽ വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യുവിന്റെ 8% ആയി നിജപ്പെടുത്തി.

3. 10 ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ പർച്ചേസ് വാല്യുവുള്ള മേൽ വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യുവിന്റെ 10% ആയി നിജപ്പെടുത്തി.

4. 15 ലക്ഷത്തിന് മുകളിൽ പർച്ചേസ് വാല്യുവുള്ള മേൽവിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യുവിന്റെ 15% ആയി നിജപ്പെടുത്തി.

ഇന്ധന നികുതിയിനത്തിൽ ഒഴിവാക്കിയ തുക

108 (2346) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എണ്ണക്കമ്പനികൾ ഇന്ധന വിലയിൽ എത്ര തവണ വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഇന്ധന വിലയിൽ വർദ്ധന വരുത്തുക വഴി നികുതി ഇനത്തിൽ സംസ്ഥാനത്തിനു ലഭിക്കുമായിരുന്ന വരുമാനം എത്ര തവണ ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം നികുതി ഒഴിവാക്കുക വഴി ഖജനാവിന് എത്ര തുകയുടെ വരുമാന നഷ്ടമാണ് പ്രതിവർഷം ഉണ്ടായത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly